**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2434** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഗോതമ്പ് വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</th><th colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും പൊതുവിതരണത്തിനായി ഏറ്റെടുക്കുന്ന ഗോതമ്പിന്റെ അളവിൽ കുറവു വന്നിട്ടുണ്ടോ; എത്ര അളവ് ഗോതമ്പാണ് ഈ വർഷം ഓരോ മാസവും ഏറ്റെടുത്തത്; ഇങ്ങനെ കുറവു വരാനുള്ള കാരണം വ്യക്തമാക്കുമോ;</td><td>(എ)</td><td>ഉണ്ട്. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗോതമ്പിൽ ഈ വർഷം ഓരോ മാസവും ഏറ്റെടുത്ത ഗോതമ്പിന്റെ അളവ് ചുവടെ ചേർക്കുന്നു.<br><table><tr><th>മാസം</th><th>ഗോതമ്പിന്റെ അളവ്<br>(മെ.ടണ്ണിൽ)</th></tr><tr><td>ജനുവരി</td><td>15629.217</td></tr><tr><td>ഫെബ്രുവരി</td><td>12708.294</td></tr><tr><td>മാർച്ച്</td><td>17560.985</td></tr><tr><td>ഏപ്രിൽ</td><td>14274.674</td></tr><tr><td>മെയ്</td><td>15342.622</td></tr><tr><td>ജൂൺ</td><td>13867.079</td></tr><tr><td>ജൂലൈ</td><td>10064.122</td></tr><tr><td>ആഗസ്റ്റ്</td><td>13080.062</td></tr></table><br>2022 ജൂൺ മുതൽ ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് ഒഴിവാക്കി പകരം അത്രയും അളവ് അരിയാണ് അനുവദിച്ചു വരുന്നത്. എന്നാൽ 2023 മാർച്ച് ക്വാട്ടയിലേക്ക് 5565.095 മെ.ടൺ ഗോതമ്പ് ടൈഡ് ഓവർ വിഹിതത്തിൽ അനുവദിച്ചെങ്കിലും 2023 ജൂലൈ ക്വാട്ടയിലെ എ.എ.വൈ, പ്രയോറിറ്റി വിഭാഗത്തിനുള്ള ഗോതമ്പിൽ നിന്നും അത്രയും അളവ് കേന്ദ്രം കുറവ് വരുത്തിയിരുന്നു. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീമിൽ സംസ്ഥാനത്ത് നീക്കിയിരിപ്പ് വന്ന ഗോതമ്പിന്റെ അളവും മുൻകാലങ്ങളിൽ എ.എ.വൈ, പ്രയോറിറ്റി വിഭാഗത്തിൽ നീക്കിയിരിപ്പ് വന്ന ഗോതമ്പിന്റെ അളവും ക്രമീകരിച്ചതിനാലും പല മാസങ്ങളിലും ഗോതമ്പിന്റെ അലോട്ട്മെന്റിൽ കുറവ് വന്നിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഏറ്റെടുക്കുന്ന ഗോതമ്പ് പൊടിച്ച് ആട്ട</td><td>(ബി)</td><td>സംസ്ഥാനത്തിന് ലഭ്യമാകുന്ന ഗോതമ്പ് ആട്ടയാക്കി നൽകുന്നതിനായി സപ്ലൈകോയെയാണ്</td></tr>
</table>

| | | | |
|---|---|---|---|
| | ഉല്പാദിപ്പിക്കുന്നതിനായി ഏതെല്ലാം മില്ലുകളെയാണ് നിയോഗിച്ചിട്ടുള്ളത്; ഇതിനുള്ള ചെലവ് വിഹിതം എങ്ങനെയാണ് കണ്ടെത്തുന്നത്; ഇതിന് കേന്ദ്ര സർക്കാർ വിഹിതം അനുവദിക്കുന്നുണ്ടോ; | | ചുമതലപ്പെടുത്തിയിട്ടുള്ളത്. ചുവടെപ്പറയുന്ന മില്ലുകളെയാണ് സപ്ലൈകോ ഇതിനായി നിയോഗിച്ചിട്ടുള്ളത്.<br>1. M/s ശ്രീരാഹുൽ ഫ്ലോർ മിൽ, ആലുവ<br>2. M/s വെളിയത്ത് അഗ്രോ ഇൻഡസ്ട്രീസ്, തൃശൂർ<br>3. M/s പ്രീമിയർ അഗ്രോ പ്രോഡക്ട്സ്, കിനാശ്ശേരി, പാലക്കാട്<br>4. M/s മലപ്പുറം റോളർ ഫ്ലോർ മിൽ, ഇരുമ്പുഴി, മലപ്പുറം<br>5. M/s പ്യുവർലിഷ് വെഞ്ചേഴ്സ്, ചെലമ്പ്ര, മലപ്പുറം<br>6. M/s പുനത്തിൽ റോളർഫ്ലോർ മിൽസ്, കണ്ണൂർ<br>7. M/s ശാസ്താ കണ്ടെയ്നേഴ്സ് & പാക്കേജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പത്തനംതിട്ട<br>ഗോതമ്പ് വിഹിതം ആട്ടയാക്കുന്നതിനുള്ള ചെലവ് ഗുണഭോക്താക്കളിൽ നിന്നാണ് ഈടാക്കുന്നത്. ഇതിന് കേന്ദ്രസർക്കാർ വിഹിതം അനുവദിക്കുന്നില്ല. |
| (സി) | മുൻഗണനാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് ഗോതമ്പും ആട്ടയും നൽകുന്നതിന് വിവിധ വിലകൾ ഈടാക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് നിലവിൽ സൗജന്യമായി ഗോതമ്പ് ലഭിക്കുന്നതിനാൽ പ്രസ്തുത ഗോതമ്പ് സൗജന്യമായിത്തന്നെയാണ് ടി വിഭാഗങ്ങൾക്ക് വിതരണം നടത്തുന്നത്. എന്നാൽ ഗോതമ്പ് ആട്ടയാക്കി എ.എ.വൈ വിഭാഗത്തിന് പായ്ക്കറ്റൊന്നിന് 6/-രൂപയും പ്രയോറിറ്റി വിഭാഗത്തിന് 8/- രൂപയുമാണ് വിതരണം നടത്തി വന്നിരുന്നത്. വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ പ്രയോറിറ്റി വിഭാഗത്തിൽ നിന്ന് 2/- രൂപ ഈടാക്കുന്നതിനാലാണ് ഇപ്രകാരം വിലയിൽ വ്യത്യാസമുള്ളത്.<br>പ്രോസസിംഗ് ചാർജ്ജ് വർദ്ധിച്ചിട്ടുള്ളതിനാൽ നിലവിൽ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്കുള്ള ആട്ടയുടെ വില യഥാക്രമം 7/- രൂപ, 9/- രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ